**പതിനാലാം കേരള നിയമസഭ**
**ഇരുപത്തി രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 962** — **14-01-2021 ലെ മറുപടി**

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതി</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ . ടി. വി. ഇബ്രാഹിം | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും അനുവദിച്ച തുക ,ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ; | | |
| (സി) | ഏതെങ്കിലും പദ്ധതി തടസ്സപ്പെട്ട് കിടക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (സി) | മേജർ വിഭാഗത്തിനു കീഴിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ആമക്കോട് ഭാഗത്ത് റീ സർവ്വേ നം.23/1 ചാലിയാറിന്റെ ഇടതുകര സംരക്ഷണത്തിനായി ആർ.എം.എഫ് ശീർഷകത്തിൽ 52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി . മലപ്പുറം ഡിവിഷൻ കാര്യാലയത്തിൽ നിന്നും ടെണ്ടറുകളും ക്വട്ടേഷനുകളും നടത്തിയെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണം ലഭിച്ചിട്ടില്ല. മൈനർ വിഭാഗത്തിനു കീഴിൽ തടസ്സപ്പെട്ട പ്രവൃത്തികളൊന്നും ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇറിഗേഷൻ വകുപ്പിന് കീഴിൽ ഊർക്കടവ് പാലത്തിന് സമീപമുള്ള കരയിടിച്ചിൽ ഭീഷണിയുള്ള സ്ഥലം ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | (ഡി) | മേജർ വിഭാഗത്തിനു കീഴിൽ ഊർക്കടവ് പാലത്തിന് താഴെ ഇടതുകരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 62 ലക്ഷം രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്ന വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മൈനർ വിഭാഗത്തിനു കീഴിൽ ഊർക്കടവ് പാലത്തിന് സമീപമുള്ള കരയിടിച്ചിൽ ഭീഷണിയുള്ള സ്ഥലം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br>1) ചാലിയാർ പുഴയുടെ ഇടതുകരയിൽ കവണക്കല്ല് ആർ.സി.ബിക്ക് മുകൾഭാഗത്തായി സംരക്ഷണ പ്രവൃത്തി.<br>2) കവണക്കല്ല് ആർ.സി.ബിയുടെ താഴ് ഭാഗത്ത് ഇടതുകരയിൽ തകർന്ന ഭിത്തി പുനർനിർമ്മാണം |

സെക്ഷൻ ഓഫീസർ

**അനുബന്ധം -ചോദ്യം നമ്പർ 962**

P 17,196/-

മേജർ ഇറിഗേഷൻ

| എ & ബി | | പദ്ധതികൾ | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | 1 | മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് -5-ൽ ആമക്കോട് ഭാഗത്ത് റിസ നം.24/2-3, 23/4 നമ്പറിൽ ചാലിയാറിന്റെ ഇടതുകര സംരക്ഷണം | 30.00 | 27.93 | പൂർത്തീകരിച്ചു |
| | 2 | SDRF - മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 205 ലെ 9C വീടിനടുത്ത് ചാലിയാർ പുഴയുടെ ഇടതുകര ബണ്ടിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ. | 15.00 | 14.86 | പൂർത്തീകരിച്ചു |
| | 3 | മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചാത്തിൽ വാർഡ് 5ൽ മനന്തല കടവ് ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര ബണ്ടിന്റെ റിപ്പയറും പുനരുദ്ധാരണവും | 18.00 | 17.89 | പൂർത്തീകരിച്ചു |
| | 4 | മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ വാർഡ് 8-ൽ കൊന്നാര മഖാം ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 30.00 | .. | പ്രവൃത്തി 75% പൂർത്തീകരിച്ചു. |
| | 5 | മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ വാർഡ് 1-ൽ പാറശ്ശേരി ഭാഗത്ത് ചാലിയാറിന്റെ ഇടതുകര സംരക്ഷണം | 25.00 | .. | 01/01/2021-ൽ ഭരണാനുമതി ലഭിച്ചു. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

**മൈനർ ഇറിഗേഷൻ**

| ക്ര.നം | പ്രവൃത്തിയുടെ പേര് | അനുവദിച്ചതുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| 1 | പുളിക്കൽ പഞ്ചായത്തിലെ ആലുങ്ങൽ പരപ്പത്തോട് കുളം നവീകരണം | 15 | ഇല്ല | പ്രവൃത്തി പുരോഗതിയിൽ |
| 2 | വാഴക്കാട് പഞ്ചായത്തിലെ എടവണ്ണപ്പാറ വി.സി.ബി റിപ്പയർ | 10 | ഇല്ല | .. |
| 3 | വാഴയൂർ പഞ്ചായത്തിലെ തക്ഷന്ന്യം കുളം നവീകരണം | 15 | ഇല്ല | .. |
| 4 | വാഴക്കാട് പഞ്ചായത്തിലെ മെയിൻ കനാൽ എൽ.ഐ. സ്കീം ചെയിനേജ് 1860 മുതൽ 2160 വരെ പുനർ നിർമ്മാണം | 25 | ഇല്ല | പൂർത്തിയായി ബിൽ തയ്യാറാക്കിയിട്ടില്ല |
| 5 | വാഴക്കാട് പഞ്ചായത്തിലെ കൈപ്പള്ളി തോട്ടിൽ കവണക്കല്ല് ആർ.സി.ബി ക്ക് സമീപം സ്രാമ്പിയേക്കൽ താഴം വി.സി.ബി റിപ്പയർ | 7.7 | ഇല്ല | പൂർത്തിയായി ബിൽ തയ്യാറാക്കിയിട്ടില്ല |

12/1/21